## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 19.03.2018-ൽ മറുപടിക്ക്

ചോദ്യം നം. 4018

**പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നടപടികൾ**

ചോദ്യം ഉത്തരം

| | ശ്രീ.എ.എം. ആരിഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പീലിംഗ് തൊഴിലാളികളായി സംസ്ഥാനത്താകെ എത്ര പേരുണ്ടെന്നുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (എ) | 2017-18 വർഷത്തിൽ 34,726 പീലിംഗ് തൊഴിലാളികൾ മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം പോലും പീലിംഗ് തൊഴിലാളികൾക്ക് ലഭിക്കാത്തതിനെ തുടർന്ന് അരൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും മത്സ്യസംസ്കരണശാലകൾ തൊഴിലാളികളെ സുലഭമായി കിട്ടുന്ന തമിഴ് നാട്ടിലേക്കും ഗുജറാത്തിലേക്കും കൂട്ടത്തോടെ മാറ്റി സ്ഥാപിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കടലിൽ നിന്നുള്ള ചെമ്മീൻ ലഭ്യതക്കുറവു മൂലം സംസ്ഥാനത്തെ ചില പീലിംഗ് ഷെഡുകളിൽ ജോലി കുറവ് വന്നിട്ടു ണ്ട് സംസ്കരണ ശാലകൾ മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിക്കു ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പീലിംഗ് തൊഴിലാളികൾക്കും സംസ്ഥാന തൊഴിൽ വകുപ്പ് മിനിമം കൂലി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. |
| (സി) | നമ്മുടെ രാജ്യത്തിനും സംസ്ഥാനത്തിനും വമ്പിച്ച നികുതി വരുമാനമുണ്ടാക്കിത്തരുന്ന ഈ മത്സ്യ സംസ്കരണ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എം.പി.ഇ.ഡി.എ. പോലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഒന്നും ചെയ്യാത്തത് പരിഗണിച്ച്, കയറ്റുമതി സ്ഥാപനങ്ങളിലെ സി.എസ്.ആർ. കൂടി ഉൾപ്പെടുത്തി മത്സ്യ അനുബന്ധ തൊഴിലാളി ക്ഷേമനിധി, തൊഴിലാളി ക്ഷേമകരമായ രീതിയിലേക്ക് മാറ്റി ഈ വ്യവസായത്തെ സംസ്ഥാനത്തു തന്നെ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ പീലിംഗ് തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു ണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ എം.പി.ഇ.ഡി.എ. ഉൾപ്പെടെയുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സഹായവും തേടി ഒരു സമഗ്ര തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുമോ; | (ഡി) | പരിഗണിക്കുന്നതാണ്. |
| (ഇ) | മത്സ്യതൊഴിലാളികൾക്കെന്ന പോലെ, ഭവനനിർമ്മാണ-വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സംസ്കരണ ശാലകളിൽ പണിയെടുക്കുന്ന പീലിംഗ് തൊഴിലാളികൾക്ക് കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ മുഴുവൻ അനുബന്ധ തൊഴിലാളികളായ തൊഴിലാളികൾക്കും നൽകാനാവില്ല. മത്സ്യബോർഡ്ഡു മുഖേന പ്രത്യേകം ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ